പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4568 18.05.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് - യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ

**ചോദ്യം**

ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്പോർട്സ്- യുവജനകാര്യ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; | എ) | കായിക യുവജനകാര്യ വകുപ്പിന് നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്: |

| | പ്ലാൻ | നോൺ പ്ലാൻ |
|---|---|---|
| കായിക യുവജന കാര്യാലയം | 59,31,00,000 | 4,75,83,000 |
| കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 39,62,00,000 | 17,31,40,000 |
| യുവജന കമ്മീഷൻ | 1,10,00,000 | 85,50,000 |
| യൂത്ത് വെൽഫെയർ ബോർഡ് | 21,00,00,000 | 34,36,000 |

| | | | |
|---|---|---|---|
| ബി) | സ്പോർട്സ് മേഖല മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | **എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം**<br>08.07.2016 ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവയ്ക്കുകയും ഇവയിൽ 18 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |

ഇതിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും 4 പ്രോജക്റ്റുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി**

2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി **"ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"** ആവിഷ്കരിച്ചിട്ടുണ്ട്.

**കേരള കായിക ക്ഷമത മിഷൻ**

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി **കേരള കായിക ക്ഷമത മിഷൻ** പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**പൊതുജന ആരോഗ്യ സംരക്ഷണത്തിനായിട്ടുള്ള സംരംഭങ്ങൾ**

പൊതുജന ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ സ്പോർട്സ് ക്ലബ്ബുകളും, സ്കൂൾ കോളേജ് തലങ്ങളിൽ സ്പോർട്സ് ക്ലബ്ബുകളും ഉണ്ടാക്കി ആരോഗ്യ സംരക്ഷണത്തിനായി ഒരു പുതിയ കായിക സംസ്കാരം നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ആബാലവൃദ്ധം ജനങ്ങൾക്കും ഇതിന്റെ ഭാഗമായി ആരോഗ്യപരമായ ഗുണം കിട്ടുന്നതിനായി സമഗ്രപദ്ധതി തയ്യാറാക്കി വരുന്നു.

**കായിക സർവ്വകലാശാല**

കേന്ദ്ര സഹായത്തോടെ കേരളത്തിൽ ഒരു കായിക സർവ്വകലാശാല തുടങ്ങുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | **അടിസ്ഥാന കളിസ്ഥല വികസനം**<br>അണ്ടർ 17 ലോക ഫുട്ബോൾ മത്സരത്തിന്റെ ഭാഗമായി എറണാകുളം പനമ്പിള്ളി നഗർ ഗവൺമെന്റ് സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ആറ്റിങ്ങൾ ശ്രീപാദം സ്റ്റേഡിയത്തിൽ നാച്ചുറൽ ടർഫ്, സിന്തറ്റിക് ട്രാക്ക് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കൂടാതെ, ഐ.റ്റി പദ്ധതിയുമായി ബന്ധപ്പെടുത്തി സ്പോർട്സ് മെച്ചപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കി വരുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിഷൻ ഡോക്യുമെന്റ്, പ്രായഭേദമെന്യേ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതി-നായി കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതി, പ്ലേ ഫോർ ഹെൽത്ത് സ്കീം, വയനാട് ആർച്ചറി അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനം, ജി.വി.രാജാ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ, സൈ്മൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കുന്ന 10 സ്ഥാപനങ്ങൾക്ക് മൾട്ടി പർപ്പസ് കോർട്ടുകൾ നിർമ്മിക്കുക എന്നിവയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) | പ്രസ്തുത വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണ്; ഇതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുമോ? | സി) | ഓപ്പറേഷൻ ഒളിമ്പിയ, കേരള കായിക ക്ഷമതാ മിഷൻ എന്നീ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിൽ ഒരു കായിക സർവ്വകലാശാല തുടങ്ങുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയും കേരളത്തിൽ സ്പോർട്സ് യൂണിവേഴ്സിറ്റി തുടങ്ങുന്നതിനും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ